**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 184** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പുതുക്കാട് താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗത്തിന്റെ പ്രവർത്തനം.</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം പൂർണ്ണമായ രീതിയിൽ ഇതുവരെ പ്രവർത്തനം ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുക്കാട് താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഗൈനക്കോളജിസ്റ്റിനും നഴ്സിംഗ് ഓഫീസർമാർക്കും തൃശ്ശൂർ ജനറൽ ആശുപത്രിയിൽ നിന്നും പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. ആഴ്ചയിൽ രണ്ട് ദിവസം ഗൈനക് ഒ.പി. പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഗർഭിണികൾ വരുന്ന മുറയ്ക്ക് അവർക്ക് ആവശ്യമായ ഗർഭകാല സേവനങ്ങളും നൽകി വരുന്നുണ്ട്. Copper T insertion, Checkup തുടങ്ങിയവയും Vaginal RingPessary, D&C, Pap Smearമുതലായ അവശ്യം വേണ്ട Minor Procedureകളും NSV ക്യാമ്പുകളും നടത്തുന്നുണ്ട്.

സ.ഉ.കൈ നം. 436/2025/H&FWD, തീയതി 23-12-2025 പ്രകാരം കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ നാല് തസ്തികകൾ സൃഷ്ടിക്കുകയും പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്.

**(ബി)** പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക് വിഭാഗം പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**